## 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 774** **11-02-2025 - ൽ മറുപടിയ്ക്ക്**

## ഭൂരഹിത പുനരധിവാസ പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ. എ. രാജ,<br>ശ്രീമതി ശാന്തകുമാരി കെ.** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | എല്ലാവർക്കും സ്വന്തമായി ഭൂമി എന്ന നയം സംസ്ഥാന സർക്കാർ നടപ്പിലാക്കിയതിന്റെ ഭാഗമായി ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം പട്ടിക ജാതി വിഭാഗത്തിൽപ്പെട്ടവരുടെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; | (എ) | ആകെ 87836 പട്ടികജാതി കുടുംബങ്ങൾ ലൈഫ് മിഷൻ തയ്യാറാക്കിയ ഭൂരഹിതരുടെ പട്ടികയിൽ ഉൾപ്പെട്ടിരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയിൻകീഴിൽ അപേക്ഷിക്കുന്നതിനുള്ള പ്രായപരിധിയും വരുമാനപരിധിയും ഉയർത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഭൂരഹിത പുനരധിവാസ പദ്ധതിയിൽ അപേക്ഷിക്കുന്നതിനുള്ള പ്രായപരിധി 55 വയസിൽ നിന്നും 70 വയസ്സായി ഉയർത്തിയിട്ടുണ്ട്. 70 വയസ്സിന് മേൽ പ്രായമുള്ളവരിൽ ഒറ്റപ്പെട്ട് കഴിയുന്നവരും, നിരാലംബരുമായവരെ കൂടി ആനുകൂല്യത്തിന് പരിഗണിക്കാവുന്നതാണ്. ഒരു ലക്ഷം രൂപയാണ് വരുമാനപരിധി. |
| (സി) | പ്രസ്തുത പദ്ധതി പ്രകാരം പട്ടികജാതി വിഭാഗങ്ങൾക്ക് ലഭ്യമായ ഭൂമി സർക്കാർ അനുമതിയോടെ ഏതൊക്കെ ആവശ്യങ്ങൾക്കാണ് പണയപ്പെടുത്താൻ അനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) | ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം പട്ടികജാതി വിഭാഗങ്ങൾക്ക് അനുവദിച്ച ഭൂമി ഭവന നിർമ്മാണം, തനിക്കോ കുടുംബാംഗങ്ങൾക്കോ ഉണ്ടാകുന്ന ഗുരുതരമായ അസുഖം, പെൺമക്കളുടെ വിവാഹം, കുട്ടികളുടെ വിദ്യാഭ്യാസം എന്നീ ആവശ്യങ്ങൾക്കായി പൊതുമേഖല/ഷെഡ്യൂൾഡ്/സഹകരണ ബാങ്കുകൾ, പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ എന്നിവയിൽ വായ്പയ്ക്കായി പണയപ്പെടുത്താവുന്നതാണ്. |

സെക്ഷൻ ഓഫീസർ